LIBRARY ARCHIVES Kerala Legislative Assembly

വിദേശ സഹായമുള്ള ജലസേചന പദ്ധതികളും കുടിവെള്ള പദ്ധതികളും

54 [1740] ശ്രീ. കോവൂർ കുഞ്ഞുമോൻ:
" എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടുകൂടി നടപ്പാക്കി വരുന്ന ജലസേചന പദ്ധതികളും ശുദ്ധജലവിതരണ പദ്ധതികളും ഏതൊക്കെയാണെന്നും ഏതൊക്കെ പദ്ധതികൾക്ക് എത്ര രൂപ വീതമെന്നും വെളിപ്പെടുത്താമോ;

(ബി) വിദേശ സഹായത്തോടുകൂടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും എത്ര രൂപായെന്നും വിശദമാക്കുമോ;

(സി) വിദേശ സാമ്പത്തിക സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും എന്തു തുകയാണെന്നും വ്യക്തമാക്കുമോ;

(ഡി) വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടെ നടപ്പാക്കി വരുന്ന ജലസേചന പദ്ധതികൾ ഒന്നുംതന്നെയില്ല. വിദേശസഹായത്തോടെ നടപ്പിലാക്കി വരുന്ന ശുദ്ധജല പദ്ധതികളുടെ പേരും അടങ്കൽ തുകയും † അനുബന്ധമായി (1)-ൽ ചേർത്തിട്ടുണ്ട്.

(ബി) വിദേശ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജലസേചന പദ്ധതികൾ ഇല്ല.

(സി) വിദേശ ഏജൻസിയായ മിഡിൽ ഈസ്റ്റ് ഫണ്ടിംഗ് ഏജൻസിയിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കായി കാസർഗോഡ് മുനിസിപ്പാലിറ്റി, ശുദ്ധജലവിതരണ പദ്ധതിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ അടങ്കൽ തുക 1250 ലക്ഷം രൂപയാണ്. ഇതുകൂടാതെ കണ്ണൂർ-ചെറുതാഴം ശുദ്ധജല വിതരണ പദ്ധതിയും കൊച്ചിൻ കോർപ്പറേഷൻ ശുദ്ധജലവിതരണ പദ്ധതിയും സമർപ്പിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) മിഡിൽ ഈസ്റ്റ് ഏജൻസിയിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ † അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.